ലഭ്യത കുറയുമ്പോൾ എഫ്.സി.ഐ.-യിൽ എത്തിക്കൊണ്ടിരിക്കുന്നത് പച്ചരി മാത്രമാണ്. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ എഫ്.സി.ഐ.-യുടെ ഉന്നത ഉദ്യോഗസ്ഥന്മാരുടേയും സിവിൽസപ്ലൈസ് ഉദ്യോഗസ്ഥന്മാരുടേയും യോഗം 5-1-2005-ൽ വിളിച്ചുകൂട്ടി കൂടുതൽ പുഴുക്കലരി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. ഇതൊക്കെയാണെങ്കിലും അരിയുടെ ലഭ്യത പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഞാൻ തന്നെ ഡൽഹിയിൽപോയി കേന്ദ്രമന്ത്രി ശരദ് പവാറിനെ നേരിൽക്കണ്ട് കൂടുതൽ പുഴുക്കലരി കേരളത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പു നല്കിയിട്ടുണ്ട്. പച്ചരി കഴിച്ചതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങളോ രോഗമോ ഉണ്ടാകുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പത്രവാർത്ത ഞാനും കണ്ടതാണ്. ഞാൻ ആ കാര്യങ്ങളിൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുവരെ അങ്ങനെ പ്രത്യേകമായ പരാതികൾ ഒന്നുംതന്നെ ഗവൺമെന്റിന്റെ മുന്നിൽ ലഭ്യമായിട്ടില്ല.

(4) തുടർസാക്ഷരതാ പദ്ധതി

ശ്രീ. എ. കെ. ബാലൻ : സർ, സമ്പൂർണ്ണ സാക്ഷരതാ പരിപാടിക്കു ശേഷം മനുഷ്യ വിഭവശേഷി വികസനം ലക്ഷ്യമാക്കിക്കൊണ്ട് 1997-ൽ കേരളത്തിൽ ആരംഭിച്ച തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ് നാലായിരത്തോളം വരുന്ന തുടർ വിദ്യാ കേന്ദ്രങ്ങൾ രൂപംകൊണ്ടത്. ഇതിൽ എല്ലാംകൂടി എട്ടായിരത്തോളം വരുന്ന പ്രേരക്മാർ അക്ഷീണം പ്രവർത്തിക്കുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിന്റെ പ്രവർത്തനം ഫലത്തിൽ നിർജ്ജീവമായി. ഇപ്പോൾ അതിന് ഒരു ശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു എന്നുള്ളത് വളരെ നല്ല ഒരു കാര്യമാണ്. ഓരോ പഞ്ചായത്തിലും തുടർവിദ്യാ കേന്ദ്രങ്ങൾ ഇന്ന് നാഥനില്ലാത്ത അവസ്ഥയിലാണ്. ഈ കേന്ദ്രങ്ങളിലെ പ്രേരക്മാരെ പഞ്ചായത്ത് ഓഫീസിലെ ചില ജോലികൾക്കാണ് ഉപയോഗിക്കുന്നത്. തുടർ വിദ്യാഭ്യാസ പരിപാടിക്ക് ഒരു കേരളാ മോഡൽ ഉണ്ടാക്കി അത് ആജീവനാന്ത പരിപാടിയാക്കണം. സാക്ഷരതയിൽ ഉണ്ടായ അടിസ്ഥാന വിദ്യാഭ്യാസത്തിനു പുറമേ മനുഷ്യ ജീവിതസന്ധാരണത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ആയിരിക്കണം തുടർവിദ്യാ പരിപാടിയിൽ ഉൾക്കൊള്ളിക്കേണ്ടത്. സർക്കാരിന്റെ വികസന ഏജൻസിയായി വിദ്യാകേന്ദ്രങ്ങളെ മാറ്റണം. ഒരു വാർഡിൽ ഒരു കേന്ദ്രം എന്ന നിലയിൽ ഇതിന്റെ എണ്ണം വർദ്ധിപ്പിക്കണം. പ്ലാൻ ഫണ്ടിൽനിന്ന് ഒരു ശതമാനം ഈ പ്രവർത്തനത്തിന് നീക്കിവയ്ക്കണം. വൃദ്ധർക്കും വികലാംഗർക്കും വേണ്ടിയുള്ള പദ്ധതിയുടെ നടത്തിപ്പ് വിദ്യാകേന്ദ്രങ്ങൾ വഴി തീരുമാനിക്കണം. പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം. പി.എഫ്., ഇൻഷുറൻസ് എന്നിവ പ്രേരക്മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തണം. എസ്.ജി.ആർ.വൈ. പരിശീലനത്തിനുള്ള നോഡൽ ഏജൻസിയായി സാക്ഷരതാമിഷനെ തെരഞ്ഞെടുക്കണം; പ്രേരക്മാരുടെ ജോലിസ്ഥിരത ഉറപ്പു വരുത്തണം; അവർക്ക് ശമ്പള സ്കെയിൽ ഉറപ്പു വരുത്തുണം തുടങ്ങിയവയാണ് എന്റെ സബ്മിഷന്റെ ഉള്ളടക്കം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, സാക്ഷരതാ പ്രസ്ഥാനത്തിന്റെ, തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നടപടികൾക്ക് യഥാർത്ഥത്തിൽ പ്രതീക്ഷിച്ചതു പോലുള്ള പുരോഗതി ഉണ്ടായില്ല. ശ്രീ. ബാലൻ പറഞ്ഞത് വളരെ സത്യമായ സംഗതിയാണ്. ഒന്നാമത്തെ കാര്യമെന്നു പറയുന്നത് പ്രേരക്മാർക്ക് കൊടുക്കേണ്ട അലവൻസ് കൊടുത്തിരുന്നില്ല, ഓണറേറിയം കൊടുത്തിരുന്നില്ല. അത് അരിയേഴ്സായി കിടക്കുകയായിരുന്നു. 31-12-2004 വരെയുള്ള അരിയർ ഇപ്പോൾ തീർത്തു കൊടുത്തു. ആ പ്രശ്നം തീർന്നു. ചില കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. അങ്ങനെയുള്ളവ ഞങ്ങൾ ഐഡന്റിഫൈ ചെയ്തിട്ട് അത്തരം സ്ഥലങ്ങളിലെ, പ്രവർത്തിക്കാത്ത പ്രേരക്മാർ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ചില പഞ്ചായത്തുകൾ അവരെക്കൊണ്ട് വേറെ ജോലി എടുപ്പിക്കുകയാണ്, സാക്ഷരതയുടെ ജോലി അവർ എടുക്കുന്നില്ല. അങ്ങനെയുള്ള കേന്ദ്രങ്ങൾ തുടർന്ന് നടത്തേണ്ടതില്ല. നടത്തുന്ന കേന്ദ്രങ്ങൾ നന്നായി നടത്തണം. ഇപ്പോൾ അദ്ദേഹം സൂചിപ്പിച്ചതുപോലെ ഒന്നാംഘട്ട സാക്ഷരത എന്നു പറയുന്നത് വായിക്കുവാനും കണക്കുകൂട്ടുവാനുമുള്ള അറിവായിരുന്നുവെങ്കിൽ രണ്ടാം ഘട്ട സാക്ഷരത, തുടർ സാക്ഷരത, ആർജ്ജിച്ച വിജ്ഞാനം ജീവിതത്തിലേക്കു കൊണ്ടുവരുന്നതിന്—എങ്ങനെ ഒരു നല്ല പൗരനാകാം, എങ്ങനെ ഒരു നല്ല കുടുംബസ്ഥനാകാം തുടങ്ങിയ കാര്യങ്ങൾ, എങ്ങനെ കൂടുതൽ വരുമാനം ഉണ്ടാക്കാം എന്നിവയാണ്; അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ജീവിതവുമായി ബന്ധപ്പെട്ടു കൊണ്ടുള്ള സംഗതികളാണ്. വളരെ പ്രധാനമായ സംഗതിയാണ് അത്. അതുകൊണ്ട് ആവശ്യമില്ലാത്ത, താല്പര്യമില്ലാതെ നില്ക്കുന്നവരെ ഒഴിവാക്കി, നല്ല ആളുകളെവച്ച് വളരെ ഉഷാറായി ഇവ നടത്തിക്കൊണ്ടുപോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയാണ് ഈ നടപടി എടുത്തിട്ടുള്ളത്. അരിയേഴ്സ് തീർത്തു കൊടുത്തു കഴിഞ്ഞു. ശമ്പളം ഇനിയും കൂട്ടുവാൻ നമുക്ക് സാധിക്കുകയില്ല. കാരണം കേന്ദ്ര ഗവൺമെന്റ് മൊത്തത്തിലാണ് അവരുടെ വേതനം തീരുമാനിക്കുന്നത്; നമ്മളുടെ സ്റ്റേറ്റിന് മാത്രമായിട്ട് ഇത് ചെയ്യുവാൻ ഒക്കുകയില്ല. പ്രവർത്തനത്തിൽ മാന്ദ്യം സംഭവിച്ച കേന്ദ്രങ്ങൾ സജീവമാക്കി എടുക്കുവാൻ പോകുകയാണ്; അതിന് വളരെ ശക്തമായി നടപടി എടുക്കുന്നുണ്ട്. പുതിയ ഡയറക്ടറെ അതിനു വച്ചിട്ടുണ്ട്; കാര്യങ്ങൾ വളരെ താല്പര്യപൂർവ്വം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly